

# വിത്തിന്റെ അവകാശികൾ

ഒരു നാടിന്റെ വിലപ്പെട്ട പൈതൃക സമ്പത്തുകളാണ് അവിടുത്തെ നാടൻ വിത്തിനങ്ങൾ. കർഷകർ ചെയ്തറിവിലൂടെ വികസിപ്പിച്ച് സങ്കരണത്തിലൂടെ മെച്ചപ്പെടുത്തിയവയാണ് ഈ നാടനിനങ്ങൾ. ഇതിനുപുറമേ നിരവധി വിത്തിനങ്ങൾ ഭാരതത്തിലെ ഗവേഷണസ്ഥാപനങ്ങളിൽ ഉരുത്തിരിയുന്നുമുണ്ട്. നാടൻ ഇനങ്ങൾ ഉരുത്തിരിച്ചെടുത്ത് സംരക്ഷിക്കുന്ന കർഷകർക്കും പുതിയ വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്ന ഗവേഷകർക്കും ഇവയ്ക്കുമേൽ അവകാശമുണ്ട്. ഈ അവകാശം സംരക്ഷിക്കുകയും ഒപ്പം ഇത്തരം വിത്തിനങ്ങളുടെ സ്രഷ്ടാക്കൾക്കും സംരക്ഷകർക്കും വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുക എന്ന ലക്ഷ്യവുമായാണ് ഭാരതസർക്കാർ ഒരു നിയമത്തിന് രൂപം നൽകിയത്. 2001–ൽ നിലവിൽ വന്ന ഈ നിയമം വിളയിനങ്ങളുടെയും കർഷകന്റെ അവകാശങ്ങളുടെയും സംരക്ഷണ നി യമം (2001) (Protection of Plant Varieties and Farmers Right Act 2001 PPV & FR Act 2001) എന്നറിയപ്പെടുന്നു. കർഷകരുടെ വിത്തിൻമേലുള്ള അവകാശം മാത്രമല്ല പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന സസ്യസങ്കരണ ഗവേഷണ സ്ഥാപനങ്ങൾ, സസ്യസങ്കരണ ഗവേഷണരംഗത്തു പ്രവർത്തിക്കുന്ന ഗവേഷകർ (Breeders) എന്നിവരുടെ അവകാശം കൂടി സംരക്ഷിക്കാൻ പര്യാപ്തമാണ് ഈ നിയമം. ജൈവ ചോഷണം (Biopiracy) വ്യാപകമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇത്തരമൊരു നിയമത്തെക്കുറിച്ച് നമ്മൾ മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമാണ്.

## സസ്യയിനങ്ങളുടെയും കർഷകന്റെ അവകാശങ്ങളുടെയും സംരക്ഷണ അതോറിറ്റി
## (Protection of Plant Varieties and Farmers Rights Authority)

ഈ നിയമത്തിലെ വ്യവസ്ഥകളുടെ നിർവഹണം ഉറപ്പാക്കാനായി കേന്ദ്രസർക്കാർ രൂപം കൊടുത്ത അതോറിറ്റിയാണിത്. 2005–ൽ കേന്ദ്ര കൃഷിമന്ത്രാലയത്തിനു കീഴിലുള്ള കൃഷി സഹകരണ വകുപ്പാണ് ഇത്തരം ഒരു അതോറിറ്റിക്ക് രൂപം നൽകിയത്. അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ് ഇതിന്റെ അദ്ധ്യക്ഷൻ. കൂടാതെ 15 അംഗങ്ങൾ കൂടി ഈ അതോറിറ്റിയിലുണ്ടാവും; 8 ഔദ്യോഗിക അംഗങ്ങൾ, സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് 3 അംഗങ്ങൾ, കേന്ദ്ര സർക്കാർ. നോമിനേറ്റ് ചെയ്യുന്ന കർഷകർ, കൃഷിയുമായി ബന്ധപ്പെട്ട ആദിവാസി സംഘടനകൾ, വിത്തുവ്യവസായ സംരംഭങ്ങൾ, വനിതാ സംഘടനകൾ എന്നിവയുടെ ഓരോ പ്രതിനിധികൾ. രജിസ്ട്രാർ ജനറലായിരിക്കും അതോറിറ്റിയുടെ എക്സ് ഓഫിഷ്യോ മെമ്പർ സെക്രട്ടറി.

## അതോറിറ്റിയുടെ പൊതുവായ പ്രവർത്തനങ്ങൾ

പുതിയ വിളയിനങ്ങൾ, നിലവിലുള്ള ഇനങ്ങളിൽനിന്നും ഉരുത്തിരിച്ചതും എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായ സ്വഭാവ വിശേഷങ്ങൾ പുലർത്തുന്നതുമായ ഇനങ്ങൾ (Essentially Derived Varieties), പൊതുവായി അറിയപ്പെടുന്നതോ നാട്ടറിവിൽ പെടുന്നതോ, കർഷകരുടേതോ, വിത്തുനിയമം, 1966 (Section 5 of Seed Act, 1966, 154 of 1966) അനുസരിച്ച് നോട്ടിഫൈ ചെയ്തതോ ആയ ഇനങ്ങൾ (Extent Variety അഥവാ നിലവിലുള്ള ഇനം) എന്നിവയുടെ രജിസ്ട്രേഷൻ.

1. പുതിയ വിളയിനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് രൂപം നൽകുക.
2. എല്ലാ വിളയിനങ്ങൾക്കും കാറ്റലോഗിങ്ങ് സംവിധാനം കർശനമായി ഏർപ്പെടുത്തുക.
3. കർഷകരുടെ ഇനങ്ങളെ രേഖപ്പെടുത്തുകയും ക്രോഡീകരിക്കുകയും കാറ്റലോഗിങ്ങ് നടത്തുകയും ചെയ്യുക.
4. വാണിജ്യതോതിൽ വളർത്തുന്ന സസ്യങ്ങളെയും അവയുടെ വന്യബന്ധുക്കളെയും സംരക്ഷിക്കുകയും, അവയെ മെച്ചപ്പെടുത്തുന്നതിനും അവയുടെ വിത്ത് സംഭരിക്കുന്നതിനും ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്യുന്ന കർഷകർക്കും കർഷകകൂട്ടായ്മകൾക്കും; പ്രത്യേകിച്ച് ആദിവാസമേഖലയിലും ഗ്രാമീണ മേഖലയിലും നിന്നുള്ളവർക്ക് വേണ്ട അംഗീകാരം നൽകുകയും ചെയ്യുക.
5. വിളയിനങ്ങളുടെ ഒരു ദേശീയ രജിസ്റ്റർ, ദേശീയ ജീൻ ബാങ്ക് എന്നിവ ഉണ്ടാക്കി പരിപാലിക്കുക.
6. വിളയിനങ്ങളുടെയും കർഷകന്റെ അവകാശങ്ങളുടെയും സംരക്ഷണ നിയമം– ഉദ്ദേശ ലക്ഷ്യങ്ങൾ
7. വിളയിനങ്ങൾ, ഇതുമായി ബന്ധപ്പെട്ട് കർഷകർ, സസ്യസങ്കരണ ഗവേഷകർ എന്നിവർക്കുള്ള അവകാശം എന്നിവ സംരക്ഷിക്കുന്നതിന് ഫലപ്രദമായ ഒരു സംവിധാനം രൂപപ്പെടുത്തുകവഴി പുതിയ ഇനങ്ങൾ വികസിപ്പിക്കുന്നതു പ്രോത്സാഹിപ്പിക്കുക.
8. വിളയിനങ്ങളുടെ സംരക്ഷണം, ഉദ്ധാരണം, പുതിയ വിളയിനങ്ങൾ ഉരുത്തിരിക്കുന്നതിന് പാരമ്പര്യ വിളയിനങ്ങൾ ലഭ്യമാക്കൽ എന്നീ മേഖലകളിൽ കർഷകരുടെ സംഭാവനകളുമായി ബന്ധപ്പെട്ട് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവർക്ക് വേണ്ട അംഗീകാരം നൽകുകയും ചെയ്യുക.
9. ഭാരതത്തിന്റെ കാർഷിക വികസനത്തിന് ഊർജ്ജം പകരുംവിധം പുതിയ വിളയിനങ്ങൾ ഉരുത്തിരിക്കുന്ന ഗവേഷണത്തിന് കൂടുതൽ ധനവിനിയോഗം ചെയ്യുന്ന സാഹചര്യം ഒരുക്കുക.
10. നല്ല ഗുണമേൻമയുള്ള വിത്തും നടീൽ വസ്തുക്കളും കർഷകർക്കു ലഭ്യമാക്കുംവിധം വിത്തുവ്യവസായത്തിന്റെ വികാസം ത്വരിതപ്പെടുത്തുക.

## നിയമപ്രകാരമുള്ള അവകാശങ്ങൾ

### വിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്ന ഗവേഷകരുടെ (Breeders) അവകാശങ്ങൾ

1. നിയമമനുസരിച്ച് രജിസ്ട്രേഷനുള്ള വിത്തിനം ഉൽപ്പാദിപ്പിക്കാനും, വിൽക്കാനും, വ്യാപാരം ചെയ്യാനും, വിതരണം നടത്താനും, ഇറക്കുമതിയോ കയറ്റുമതിയോ ചെയ്യാനുമുള്ള പൂർണ അവകാശം.
2. ബ്രീഡർക്ക് ഒരു ഏജന്റിന്/ ലൈസൻസിയെ നിയമിക്കാവുന്നതും അദ്ദേഹത്തിന്റെ അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ സിവിൽ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

### ഗവേഷകരുടെ (Researchers) അവകാശങ്ങൾ

ഈ നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതിനവും ഗവേഷകന് ഗവേഷണത്തിനോ പരീക്ഷണത്തിനോ ഉപയോഗിക്കാം. പുതിയ ഇനം വികസിപ്പിക്കുന്നതിനുള്ള പ്രാരംഭസ്രോതസ്സായി ഒരു ഇനത്തെ ഉപയോഗിക്കുന്നതും ഇതിലുൾപ്പെടും. എന്നാൽ ഇത്തരത്തിൽ തുടർച്ചയായി ഉപയോഗിക്കുന്നതിന് രജിസ്റ്റേർഡ് ബ്രീഡറുടെ മുൻകൂട്ടിയുള്ള അനുമതി വേണ്ടിവരും.

### കർഷകന്റെ അവകാശങ്ങൾ

1. വിളയിനങ്ങൾ വികസിപ്പിച്ച ഒരു ഗവേഷകന് ലഭിക്കുന്ന അതേ വിധത്തിലുള്ള രജിസ്ട്രേഷനും പരിരക്ഷയും പുതിയയിനം വികസിപ്പിച്ച കർഷകനും ഉണ്ടായിരിക്കും.
2. നിലവിലുള്ള ഇനമെന്ന നിലയിലും (Extant Variety) കർഷകരുടെ ഇനങ്ങൾ രജിസ്റ്റർ ചെയ്യാം.
3. ഈ നിയമം നിലവിൽ വരുന്നതിന് മുമ്പേ എങ്ങനെയായിരുന്നോ അതുപ്രകാരംതന്നെ PPV & FR നിയമപ്രകാരവും സംരക്ഷിക്കപ്പെട്ട ഇനങ്ങളെ കർഷകന് കരുതിവയ്ക്കുകയോ ഉപയോഗിക്കുകയോ, വിത്തുൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളെ വിൽക്കുകയോ ചെയ്യാം. എന്നാൽ PPV & FR Act 2001 പ്രകാരം സംരക്ഷിക്കപ്പെട്ട ഒരു ഇനത്തിന്റെ ബ്രാന്റ് ചെയ്ത വിത്ത് വിൽപ്പന നടത്താൻ കർഷകന് അർഹതയുണ്ടായിരിക്കുന്നതല്ല.
4. നാടൻ വിളയിനങ്ങൾ, വാണിജ്യപ്രാധാന്യമുള്ള അവയുടെ വന്യബന്ധുക്കൾ എന്നിവയെ സംരക്ഷിക്കുന്ന കർഷകർക്ക് അംഗീകാരത്തിനും പ്രതിഫലത്തിനും അർഹതയുണ്ടായിരിക്കും.
5. നിയമത്തിലെ സെക്ഷൻ 39 (2) അനുസരിച്ച്, ഒരിനത്തിന്റെ കൃഷിയിടത്തിലെ പ്രകടനം മോശമായാൽ അതിന് കർഷകന് നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുണ്ട്.
6. PPV & FR അതോറിറ്റി, ട്രൈബ്യൂണൽ, ഹൈക്കോർട്ട് എന്നിവയുമായി ബന്ധപ്പെട്ട് നടക്കാനിടയുള്ള നടപടികളിൽ കർഷകൻ ഫീസ് ഒന്നും കൊടുക്കാൻ ബാധ്യസ്ഥനല്ല.

### രജിസ്ട്രേഷൻ

1. വ്യത്യസ്തത, സമാനത, സ്ഥിരത എന്നീ മൂന്ന് മാനദണ്ഡങ്ങൾ വിജയകരമായി പാലിക്കുമ്പോഴാണ് ഒരിനത്തെ ഈ നിയമത്തിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് ഇനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് അതിന്റെ ജനുസും സ്പീഷീസും വ്യക്തമായി സൂചിപ്പിച്ചുകൊണ്ട് ഔദ്യോഗിക ഗസറ്റിൽ നോട്ടിഫിക്കേഷൻ കൊടുക്കുന്നതായിരിക്കും.
2. PPV & FR നിയമമനുസരിച്ച് 54 വിളയിനങ്ങൾ രജിസ്റ്റർ ചെയ്ത് ഭാരത സർക്കാർ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. ഓരോ വിളയ്ക്കുമുള്ള മാനദണ്ഡങ്ങൾക്കും രൂപം നൽകി.
3. രജിസ്ട്രേഷനുള്ള യോഗ്യതാമാനദണ്ഡങ്ങൾ പരിശോധിക്കുന്നതിന് വിവിധ വിളകൾക്കായി 52 സെന്ററുകൾക്ക് PPV & FR അതോറിറ്റി രൂപം നൽകിയിട്ടുണ്ട്. ഇവയുടെ ലിസ്റ്റ് www.plantauthority.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
4. നിലവിലുള്ള ഇനങ്ങൾ (Extant Varieties) എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന, വിത്തുനിയമം 1966, സെക്ഷൻ 5 പ്രകാരം രജിസ്റ്റർ ചെയ്തവയ്ക്ക് 1000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.
5. പുതിയ ഇനങ്ങൾ / മറ്റൊരിനത്തിൽ നിന്ന് ഉരുത്തിരിച്ചെടുക്കുന്ന ഇനങ്ങൾ (Essentially Derived Varieties) എന്നിവയ്ക്ക് വ്യക്തികൾ 5000 രൂപയും, പഠനാവശ്യങ്ങൾക്കുള്ള രജിസ്ട്രേഷന് 7000 രൂപയും വാണിജ്യ ഉപയോഗത്തിനായുള്ള രജിസ്ട്രേഷന് 10,000 രൂപയും രജിസ്ട്രേഷൻ ഫീസടയ്ക്കണം.
6. പൊതുവായി അറിയപ്പെടുന്ന നിലവിലുള്ള ഇനങ്ങൾക്ക് (Extant variety about which there is common knowledge - VCK) വ്യക്തികൾ 2000 രൂപയും പഠനാവശ്യങ്ങൾക്കുള്ള രജിസ്ട്രേഷന് 3000 രൂപയും വാണിജ്യ ഉപയോഗത്തിനുള്ള രജിസ്ട്രേഷന് 5000 രൂപയും ഫീസടയ്ക്കണം.
7. രജിസ്ട്രേഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ പൂർത്തിയാക്കിയവയ്ക്ക് രജിസ്ട്രാർ

ഫോർ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു.

## വിളയിനങ്ങളുടെ നാഷണൽ രജിസ്റ്റർ

PPV & FR അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ വിളയിനങ്ങളുടെ നാഷണൽ രജിസ്റ്റർ സൂക്ഷിക്കുന്നു. ഈ രജിസ്റ്ററിൽ ഭാരതത്തിൽ രജിസ്റ്റർ ചെയ്ത എല്ലാ വിളയിനങ്ങളുടെയും പേരും, അതു വികസിപ്പിച്ച ബ്രീഡറുടെ വിലാസവും, ഇനങ്ങളുടെ സ്വാഭാവവിശേഷങ്ങളും വിളയിനം സംബന്ധിച്ച ബ്രീഡറുടെ അവകാശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ടാവും.

## നാഷണൽ ജീൻ ബാങ്ക്

അതോറിറ്റി, ദേശീയതലത്തിൽ വിത്തിനങ്ങൾ സംഭരിക്കുന്നതിനുള്ള ഒരു നാഷണൽ ജീൻ ബാങ്ക് പരിപാലിക്കുന്നുണ്ട്. ബ്രീഡർമാർ രജിസ്ട്രേഷനായി സമർപ്പിക്കുന്ന വിളയിനങ്ങളുടെ വിത്തും ഇതിന്റെ ഭാഗമാകും. രജിസ്ട്രേഷൻ ലഭ്യമാക്കുന്ന കാലയളവിലേക്കും, ആവശ്യമെങ്കിൽ അപേക്ഷകന്റെ ചെലവിൽ തുടർന്നും നാഷണൽ ജീൻബാങ്കിൽ ഈ വിത്തിനങ്ങൾ 5 ഡിഗ്രി സെൽഷ്യസിൽ സൂക്ഷിക്കുന്നതാണ്. വിത്തിന്റെ അവകാശം സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ ഉടലെടുത്താൽ അവ പരിഹരിക്കുന്നതിനുള്ള പരിശോധനയ്ക്കും താരതമ്യത്തിനും സംഭരിച്ച ഈ വിത്ത് ഉപയോഗപ്പെടും.

## നാഷണൽ ജീൻ ഫണ്ട്

താഴെപ്പറയുന്ന ഇനങ്ങളിൽ ലഭിക്കുന്ന ധനം ഡെപ്പോസിറ്റു ചെയ്യുന്നതിനായി അതോറിറ്റി ഒരു നാഷണൽ ജീൻ ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഇനങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന നേട്ടം തത്തുല്യമായി പങ്കു വയ്ക്കുന്നതിന്റെ ഭാഗമായുള്ള ധനലാഭം. അതോറിറ്റിക്ക് റോയൽറ്റി ഇനത്തിൽ ലഭിക്കുന്ന വാർഷിക ഫീസ്, ബ്രീഡർമാർ ഡെപ്പോസിറ്റ് ചെയ്യുന്ന നഷ്ടപരിഹാരത്തുക. ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സംഭാവന.

## ജീൻ ഫണ്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഉപയോഗിക്കപ്പെടും

1. വിത്തിനങ്ങളുമായി ബന്ധപ്പെട്ട നേട്ടങ്ങൾ പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഏത് തുകയും
2. കർഷകർക്കും/ കർഷക കൂട്ടായ്മകൾക്കും കൊടുക്കേണ്ട നഷ്ടപരിഹാരത്തുക.
3. വിത്തിനങ്ങൾ കൃഷിയിടത്തിലും അല്ലാതെയും സംരക്ഷിക്കുന്നതിനും വിവേചനപൂർണമായി ഉപയോഗിക്കുന്നതിനുമുള്ള സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ രൂപപ്പെടുത്തുന്നതിന്.
4. വിത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളുടെ ചെലവിന്.

## നേട്ടങ്ങളുടെ പങ്കുവയ്ക്കൽ

ഒരു ഇനത്തിന്റെ വികസനത്തിനായി ഉപയോഗിക്കുന്ന ജനിതകവസ്തുവിന്റെ (നാടൻ ഇനങ്ങൾ, സസ്യ ഇനങ്ങൾ, നിലവിലുള്ള ഇനങ്ങളിൽ നിന്ന് ഉരുത്തിരിച്ചവ) ഉപയോഗതോതിന് അനുസരണമായി വ്യക്തികൾക്കോ സന്നദ്ധ സംഘടനകൾക്കോ അതിൽ നിന്നുണ്ടാകുന്ന ലാഭവിഹിതം ആവശ്യപ്പെടാവുന്നതാണ്. ഉരുത്തിരിച്ചെടുത്ത ഇനത്തിന്റെ വാണിജ്യപരമായ ഉപയോഗത്തിന് അനുസരണമായി ബ്രീഡർ ലാഭവിഹിതം ജീൻഫിൽ അടയ്ക്കേണ്ടതാണ്.

## ജനസമൂഹത്തിന്റെ അവകാശങ്ങൾ

1. നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്ത ഒരിനത്തിന്റെ വികാസത്തിനു പിന്നിൽ നിർണായകമായ സംഭാവന നൽകിയ സമൂഹത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.
2. ഏത് വ്യക്തിക്കും/ കൂട്ടായ്മയ്ക്കും/ ഗവൺമെന്റ് അല്ലെങ്കിൽ ഗവൺമെന്റേതര സംഘടനകൾക്കും ഒരു ഗ്രാമത്തെയോ പ്രാദേശിക സമൂഹത്തെയോ പ്രതിനിധീകരിച്ച് ഏത് നോട്ടിഫൈഡ് സെന്ററിലും പുതിയ ഇനം ഉരുത്തിരിച്ചതുമായി ബന്ധപ്പെട്ട അവകാശവാദം ഫയൽ ചെയ്യാവുന്നതാണ്.

## വിളയിനങ്ങളുടെ സംരക്ഷണത്തിനുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ

വിത്തിനങ്ങളുടെ സംരക്ഷണം, അവകാശം, ലാഭവിഹിതം, പങ്കുവയ്ക്കൽ, രജിസ്ട്രേഷൻ, നഷ്ടപരിഹാരം തുടങ്ങിയവയുമായി ബന്ധപ്പെട്ട് അതോറിറ്റിയുടെ രജിസ്ട്രാറിന്റെ തീരുമാനങ്ങൾ സംബന്ധിച്ചുള്ള എല്ലാ പരാതികളും ആക്ഷേപങ്ങളും ഈ ട്രൈബ്യൂണലിന് സമർപ്പിക്കാവുന്നതാണ്. ഇത്തരം അപ്പീലുകൾ ട്രൈബ്യൂണൽ ഒരു വർഷത്തിനകം പരിഹരിക്കും. ട്രൈബ്യൂണലിന്റെ തീരുമാനങ്ങൾ ഹൈക്കോടതിയിൽ ചലഞ്ചു ചെയ്യാവുന്നതാണ്.

## പ്ലാന്റ് ജീനോം സേവിയർ അവാർഡ്

അതോറിറ്റി എല്ലാ വർഷവും വിളയിനങ്ങൾ സംരക്ഷിക്കുന്ന വ്യക്തികൾക്കും കൂട്ടായ്മകൾക്കും പ്ലാന്റ് ജീനോം സേവിയർ അവാർഡ് നൽകാറുണ്ട്. കൂടുതൽ വിവരങ്ങളും അപേക്ഷാഫോറവും അതോറിറ്റിയുടെ വെബ്സൈറ്റിൽ നിന്നു ലഭിക്കും.

## അധിക വിവരങ്ങൾക്ക്


പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി
എസ്–2, എ ബ്ലോക്ക്, എൻ.എ.എസ്.സി. കോംപ്ലക്സ്, ദേവ് പ്രകാശ് ശാസ്ത്രി മാർഗ്
ന്യൂ ഡൽഹി – 110 012
ടെലിഫാക്സ്: 011–25843315, 25840777, 25843808
ഫാക്സ്: 01125840478
വെബ്സൈറ്റ്: www.plantauthority.gov.in
ഇ–മെയിൽ: ppvfra-agri@nic.in



**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
**എൽ 14, ജയ് നഗർ, മെഡിക്കൽകോളേജ് പി. ഒ.**
**തിരുവനന്തപുരം 695011 ഫോൺ: 04712554740**
www.keralabiodiversity.org
keralabiodiversity@gmail.com




# വിത്തിന്റെ അവകാശികൾ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്